## ശ്രീ നാരായണ ഗുരുകുലം ഹയർ സെക്കന്ററി സ്കൂൾ

**പ്രസിദ്ധീകരിക്കുന്ന**




**ഇ മാഗസിൻ**

**2018-19**

'We fly,we learn, and reach to the height'

## താളുകളിലൂടെ


ദേശപ്പെരുമ....................................................................................................4

ഓർമകളുടെ ഋതുഭേദം....................................................................................8

നിർഭയ.........................................................................................................10

വിജന വീഥിയിൽ..........................................................................................12


പ്രകൃതി സൗന്ദര്യം..........................................................................................14

കാല ചക്രം....................................................................................................15

പശ്ചിമഘട്ടത്തിലൂടെ.....................................................................................17

## ദേശപ്പെരുമ

# ചെമ്പഴന്തി



കേരളം സംസ്ഥാനത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം കിഴക്കേക്കോട്ടയിൽ നിന്നും കൊല്ലത്തേക്ക് പോകുന്ന റോഡ് വഴി ൻ കി മീറ്റർ വടക്കോട്ടു ചെല്ലുമ്പോൾ ശ്രീകാര്യം എന്ന സ്ഥലത്തെത്തും, അവിടെ നിന്നും അല്പം കിഴക്കോട്ടു മാറി പോത്തൻകോടേക്കു പോകുന്ന ഒരു റോഡ് ഉണ്ട്. അത് വഴി കി മീറ്റർ വടക്കോട്ടു ചെല്ലുമ്പോൾ റോഡിനു തൊട്ടു കിഴക്കായി ചെമ്പഴന്തിയിലെ മനക്കൽ ക്ഷേത്രവും ഒരു ആരായാലും ഒരു സ്കൂളും മറ്റും കാണാം എ ക്ഷേത്രത്തിനു വടക്കു ഭാഗത്തായിട്ടാണ് ഗുരു ദേവൻ ജനിച്ച പ്രസിദ്ധമായ വയൽവാരം വീട് നിൽക്കുന്നത് ഈ വീട് വളരെ പഴക്കവും

പേരും പെരുമയും പെറ്റ ഒന്നായിരുന്നു .ഗുരുദേവന്റെ പിതാമഹന്റെ കാലം മുതൽക്കേ ഉള്ള വീടാണിത് ഉദ്ദേശം ഓളം വര്ഷം പഴക്കമുണ്ടാവും ഈ ഭവനത്തിന്റെ അക്കാലത്തെ നില മെച്ചപ്പെട്ട ഒന്നായിരുന്നു ഇപ്പോൾ നിലവിലുള്ള കെട്ടിടത്തിന് വടക്കു ഭാഗത്തു പാചകത്തിനും സ്ത്രികളുടെ പ്രത്യേക ഉപയോഗത്തിനായി അതെ വലിപ്പത്തിൽ ഒരു വടക്കേതും അതിനു പടിഞ്ഞാറു ഭാഗത്തായി ഒരു ഉരൽ പുരയും അതിനു നേരെ തെക്കു ഭാഗത്തായി ഒരു തൊഴുത്തും വീടിനു അല്പം തെക്കുമാറി ദേവി പൂജക്കുള്ള ഒരു തെക്കതും ഇതിനും കിഴക്കായി കിഴക്കേ മതിലിനോട് ചേർന്ന് അതിഥികൾക്കുള്ള ഒരു തളവും ഇരു വശങ്ങളിൽ രണ്ടു മുറികളും തളത്തിന്റെ പടിഞ്ഞാറു ഭാഗത്തു ഒരു വലിയ വാതിലോടും കൂടി തെക്കു വടക്കായുള്ള ഒരു കെട്ടിടവും ഇതെല്ലം ഉള്കൊള്ളിച്ചുള്ള ഉലമതിലും പുറമെ ചുറ്റാകെയുള്ള മൺ മതിലും ,എല്ലാം ചേർന്നുള്ള ഒരു ഭവനം ...ഒന്ന് സങ്കൽപ്പിച്ചു നോക്കിയാൽ അക്കാലത്തെ സ്ഥിതിക്ക് വളരെ പ്രൗഢിയേറിയതായിരുന്നെന്നു കാണാൻ വിഷമമില്ല.കൂടാതെ അതോടനുബന്ധിച്ചുള്ള യക്ഷിക്കാവു സർപ്പക്കാവ് മുതലായവയും ആ കുടുംബത്തിന്റെ പാരമ്പര്യത്തെയും പ്രാധാന്യത്തെയും പതിനടങ്ങു

വർധിപ്പിച്ചിരുന്നു, വീടിനു വടക്കു വശത്തു വളരെ താഴ്ച്ചയിൽ നെൽപ്പാടങ്ങൾ

കിടന്നിരുന്നു.അതിനാലായിരിക്കാം ആ ഭാവനത്തിനു

വയൽവാരം എന്ന പേരുണ്ടായത്.

സാധാരണ ജനങ്ങളെ ഇരുത്തി പഠിപ്പിക്കുന്ന മേല്പുരയുടെ തണലിൽ ഏഴകളെ ഇരുത്തി പഠിപ്പിക്കുവാൻ അന്നത്തെ മാമൂൽ അനുവദിച്ചിരുന്നില്ല അതിനാൽ ഒരു മേല്പുരയുടെ തണലിൽ ഇരുന്നു പഠിപ്പിക്കാവുന്നവരെ ഗുരുദേവൻ അവിടെ ഇരുത്തി പഠിപ്പിക്കുകയും അത് കഴിഞ്ഞാലുള്ള സമയങ്ങളിൽ പറയർ പുലയർ മുതലായ പാവങ്ങളുടെ മഠങ്ങളിൽ പോയി അവരെ പഠിപ്പിക്കുകയും

ശുചിവൃത്തികൾ ശീലിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു. ഇങ്ങനെ ക്ഷോഭത്തിനു ആർക്കും വഴി കൊടുക്കാതെ

അദ്ദേഹം എല്ലാ തരക്കാരെയും ഒരേ സമയം പഠിപ്പിക്കാനും

ഉയർത്താനും ശ്രമിച്ചു കൊണ്ടിരുന്നു. ഈ വക

പ്രവൃത്തികളിൽ ആർക്കും എതിർപ്പുണ്ടായില്ല .ഇങ്ങനെ അധ്യാപകവൃത്തി നടത്തി വന്ന കാലത്താണ് നാണു ആശാൻ നാണു ഗുരു നാണു ഗുരുസ്വാമി എന്നെല്ലാം അദ്ദേഹത്തെ വിളിച്ചു തുടങ്ങിയത്

നാണു എന്ന പദം നാരായണൻ എന്ന പദത്തിന്റെ ഹ്രസ്വ

രൂപമാണ്. ദുരാചാര മാമൂലുകളെ ഉന്മൂലനം ചെയ്തു അധഃകൃതരെയും അവശസമുദായങ്ങളെയും ഉദ്ധരിപ്പിക്കാനായി നല്ല സദാചാര വൃത്തിയോടും സന്മാർഗശുദ്ധിയോടും കൂടി ഒരു യഥാർഥ ബ്രഹ്മചാരിയായി പ്രവർത്തിച്ചു വന്നത് കൊണ്ട് ജാതിയും താരവും ഒന്നും നോക്കാതെ എല്ലാവരും അദ്ദേഹത്തെ ചെറുപ്രായത്തിൽ തന്നെ ഗുരുസ്വാമി എന്ന് വിളിച്ചു. ഗുരു പഠിപ്പിച്ചിരുന്ന സ്ഥലത്താണ് പിൽക്കാലത്തു ശ്രീ നാരായണ ഹയർ സെക്കന്ററി സ്കൂൾ വന്നത്...ഇന്ന് വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാഭാസസ്ഥാപനമായി അത് മാറുകയും ചെയ്തു.

ഗോവിന്ദ് എസ് ജെ

# ഓർമകളുടെ ഋതുഭേദം

അരികിലാരോ വിതുമ്പുന്നു ,
നിഴലോ ഇരുളോ തീരാത്ത മൂകയാമങ്ങളോ
അതോ പറയാതെ പോയ കഥകളിലെ തേൻ
മധുരിമയോ ,
വൈശാഖ സൂര്യതാപത്താലുരുകുന്നു പുല -
രിയിൽ തുഷാരം തൂകി കുളിരേകി നിന്ന പീത
പുഷ്പങ്ങൾ ,അതിനോടൊപ്പമുറുകുന്നു
പണ്ട് ഹൃദയത്തിൽ പടരാനശിച്ച ഇന്നു
മുഖശീതളമായുറഞ്ഞ നുറുനുറാശകൾ
കുളിരണിഞ്ഞ രജനീതീരങ്ങളിൽ പൂവിട്ട
മൃദുസല്ലാപങ്ങൾ നഷ്ടവൈഖരിയായിന്നു
കത്തിൽ മുഴങ്ങുന്നു
സായാഹ്നതരുണിമ ചായം പകർന്ന നിൻ
അധരങ്ങളിന്നു ദിശ തെറ്റിയലയുന്നുവോ
വർണ്ണങ്ങൾ വറ്റിയ തമസ്സിൻ നിഴലുകളിൽ
അന്ന് പർവണേന്ദു ദ്യുതി വിടർത്തിയ-
പ്പോൾ ആത്മാവിൽ പെയ്തിറങ്ങി നീ മനൊ
ജ്ഞേ സപ്തവര്ണങ്ങളുരുകി ചേർന്ന സ -

ങ്കൽപ ലാവണ്യസൗരഭ്യമായി ,
ആഷാഢ മേഘത്തിൽ ആർദ്രതയോടെ നീ
തഴുകിയുറക്കുന്നവൻ പ്രാണനൊമ്പരങ്ങ
ളെ ഹൃദ്യമായി

വിരഹാർദ്രമായ ശോകസ്മരണകൾ കതിർ -
ന്ന് നാണവർന്നിരിക്കുന്നനാഥമായ നിൻ
നീണ്ട സരണികളിന്നു

മേഘനാഥമായി ,മഞ്ഞായി ,മഴയായി

നിന്നോടൊപ്പമുരുകിച്ചേരും ഞാനീഭുവനേ-
രേണുക്കളിൽ
അതിലോലമാം നിൻ രാഗപല്ലവി

നിലച്ചതെപ്പോൾ...
മ്രുതിയുടെ തീവ്രപ്രണയം കലർന്ന ഹേ



മന്ദം

നിന്നിലലിഞ്ഞപ്പോഴോ ...

സഹദേവ്

# നിർഭയ



സംഘം ചേർന്നെന്നിൽ
ആഴ്ത്തിയിറക്കി നീ
ക്രൂരതയിൽ തീർത്തൊരാ
കമ്പിപ്പാരയെ

കരയാൻ കഴിഞ്ഞീല
എൻ മിഴിനീർ കണങ്ങളങ്ങു
രക്തശോഭമായ്

കാരുണ്യത്തിന് കൈകൾക്കായ്
യാചിച്ചു ഞാൻ നീ
പക്ഷെ ദുഷ്ടതയുടെ പകർന്ന
രൂപമായ്

നിങ്ങൾക്കൊരായിരം നന്ദി
മരിച്ചാലും മറക്കാത്ത
നെറികേടുകൾ സമ്മാനിച്ചതിന്

എന്റെ ഒളിമങ്ങാത്ത
സ്വപ്നങ്ങൾക്ക് മുന്നിൽ
കരിനിഴൽ തീർത്തതിന്
ഇനിയുമാ കരിനിഴൽ
എന്റെ സഹോദരിമാരിൽ
പടരാതിരിക്കട്ടെ.
നിന്റെ നീചതകൾ ഇനിയുമീ
ഭൂമിയിൽ അവർത്തിക്കാതിരിക്കട്ടെ.......

മുഹമ്മദ് ഷാ

# വിജന വീഥിയിൽ

ഏതോ വിജന വീഥിയിൽ ഞാൻ കണ്ട നിന്നെ
ഏതോ കുളിർ കാറ്റായ് ജന്മങ്ങളായ കത്ത്  നിന്നതു
കുളിർ കാറ്റായി വന്ന ഈ ജന്മ സുഹൃദത്തെയോ നിദ്രയിൽ
നിന്നെന്നെ വിളിച്ചുണർത്തിയത്
പുണ്യ സുഹൃദമേ നാമിപ്പോ നിന്നെ ഞൻ വിജന വീഥിയിൽ
എനിക്ക് വഴിയരിയുവാൻ
ദൈവം നിയോഗിച്ചതാണോ
നിന്നെ



എത്രയും ഞാൻ നിന്നെ സ്നേഹിക്കുകിൽ എനിക്കായ്
ദൈവം നിന്നെ നിയഗിക്കുകിൽ നീ എന്റെ മിത്രമോ രക്ത
ബന്ധമോ ഇനിയെൻ പ്രാണൻ വെടിയുന്ന വരെ അവസാന
തുടിപ്പും  നിനക്കായ് മാത്രം........
നിനക്കായ് മാത്രം........

അപർണ ഡി

# പ്രകൃതി സൗന്ദര്യം



സൗന്ദര്യം തേടി
അലയുന്നതെന്തിന്
മുന്നിൽ കാണാം പ്രകൃതി
സൗന്ദര്യം
ദുഖമുണ്ടായാൽ നോക്കു
പ്രകൃതിയെ

പ്രകൃതി തൻ മനോഹര ദൃശ്യങ്ങളിലേക്കു
പൂവിനെ ഉണർത്തിയെത്തിടും സൂര്യനെ
നോക്കി ചിരിക്കും വയലുകളെല്ലാം
സൂര്യൻ തൻ കിരണങ്ങളാൽ
പൊൻ അണി കതിരുകൾ
ചെങ്കതിരോൻ വന്നു മറയുന്നു ദൂരെ

വാനിൽ രജനി വന്നണയുന്നു മെല്ലെ ....

അമൽ ഷണ്മുഖൻ കെ പി



# കാല ചക്രം

പണ്ടൊരിക്കൽ ഒരു മണ്ണാങ്കട്ടയും കരിയിലയും കാശിക്കു പോയി
മഴ വന്നപ്പോൾ കരിയില മണ്ണാങ്കട്ടക്കും
കാറ്റടിച്ചപ്പോൾ മണ്ണാങ്കട്ട കരിയിലേക്കും
കൂട്ടായി അതല്ലേ സൗഹൃദം



കറ പുരളാത്ത മനസിന്റെ വിശുദ്ധി

മറ്റൊരിക്കൽ ഒരു പ്രാവിനെ അമ്പെയ്തു വീഴ്ത്താനൊരുങ്ങിയ വേടന്റെ കാലിൽ ഉറുമ്പു കടിച്ചതും നിലയൊന്നും കിട്ടാതെ പുഴ വെള്ളത്തിൽ കിടന്നാർത്തു കരഞ്ഞപ്പോൾ തന്ന പ്ലാവില തോണിയിൽ രക്ഷപ്പെട്ടതും ഉറുമ്പിന്റെ ,ആനയോളം പോന്ന ഹൃദയവിശാലത കൊണ്ടല്ലേ

കേൾക്കാൻ രസമുള്ള കഥകൾ....

ഇന്നൊരു കഥാകാരനും മെനയാൻ കഴിയാത്ത കഥകൾ.....
മണ്ണാങ്കട്ടയും കരിയിലയും പ്രാവും ഉറുമ്പും എന്നെങ്കിലും
പുനർജനിച്ചാലോ ....

എങ്കിൽ
വേനൽ ചൂടിനാൽ ഉരുകി തീരുന്ന മണ്ണാങ്കട്ടക്കു കരിയില കൂട്ടായ് വരുമോ
കാശിയിലെ പ്രളയത്തിലും കൊടുംകാറ്റിലുമുലയുന്ന കരിയിലയെ
മണ്ണാങ്കട്ട തിരിഞ്ഞു നോക്കുമോ
A K 47 നോളം ശേഷിയുള്ള തോക്കുമായി വരുന്ന വേട്ടക്കാരനെ
കടിക്കാൻ ഉറുമ്പിന് ധൈര്യം ഉണ്ടാകുമോ
ഉണങ്ങിയ മരച്ചില്ലയിൽ ഒറ്റക്കിരുന്നാത്മഗതം ചെയ്യുന്ന പ്രാവ്
അന്യനായ ഉറുമ്പിനെ രക്ഷിക്കാൻ  തുനിയുമോ



ഇല്ലാ.....
അതാണ് കാലചക്രം.....
ശരികൾ അവർത്തിക്കപ്പെടുന്നില്ലാ
വണ്ടിച്ചക്രം പോലെ ഉരുളും തോറും  അത് മുന്നോട്ട് തന്നെ
കുതിക്കുന്നു.......
മാറ്റമില്ലാത്തതായി മാറ്റം മാത്രമെന്ന പഴമൊഴി മാത്രം തന്റെ ചരിത്രം
തെളിയിച്ചു കൊണ്ടിരിക്കുന്നു.......

# പശ്ചിമഘട്ടത്തിലൂടെ

# പശ്ചിമഘട്ട മലനിരകൾ





ദക്ഷിണേന്ത്യയുടെ ജല സ്രോതസ്സും ജൈവവൈവിധ്യ കാലവറയുമാണ് പശ്ചിത്വഘട്ടം. അറബിക്കടലിൽ നിന്നും വരുന്ന നീരാവി നിറഞ്ഞ കാറ്റിനെ തടഞ്ഞു നിർത്തി വർഷാവർഷം മഴ പെയ്യിക്കുന്നതു ഈ മലനിരകളാണ് .ലോകത്തിലെ നദ്ര ജൈവവൈവിധ്യ സമ്പന്നമായ സ്ഥാനങ്ങളിലൊന്നാണിത് .ഈ മലനിരകൾ അതിർത്തിയായി വരുന്ന ആറു സംസ്ഥാനങ്ങളിലെ ൨൫ കോടിയോളം വരുന്ന മനുഷ്യരടക്കമുള്ള ജീവ ജാലങ്ങൾക്കു ഏറ്റവും അനുയോജ്യമായ ആവാസ വ്യവസ്ഥയും ഇത് തന്നെ. വികസനത്തിന്റെ പേരിൽ നടക്കുന്ന കയ്യേറ്റങ്ങൾ പശ്ചിമഘട്ടത്തിനു വൻ ഭീഷണി ഉയർത്തുകയാണ്. പശ്ചിമഘട്ട സംരക്ഷണം ഓരോ കേരളീയന്റേയും ജീവൻ

മരണ പ്രശ്നമാണിന്നു.പശ്ചിമഘട്ടം എന്ന ആവാസ

വ്യവസ്ഥയെ സംരക്ഷിക്കുക......



# ഗോവ മുതൽ നീലഗിരി വരെയുള്ള മലനിരകൾ

## കൊടൈക്കനാൽ



# അഗസ്ത്യാര്‍കൂടം





# ആനമുടി




# <u>പശ്ചിമഘട്ടവും നമ്മുടെ കാലാവസ്ഥയും</u>


## തെക്കുപടിഞ്ഞാറൻ കാലവർഷ കാറ്റു കളുടെ ദിശ




## പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറേ ചരുവിൽ കൂടുതൽ മഴ ലഭിക്കുന്നതിന്റെ രേഖ ചിത്രം



# പശ്ചിമഘട്ടത്തിന്റെ കാലാവസ്ഥ




# നിത്യ ഹരിത വനങ്ങൾ



# കുന്തിരിക്കം




# അർദ്ധ നിത്യ ഹരിത വനങ്ങൾ



# പശ്ചിമഘട്ടത്തിലെ ജന്തു വൈവിധ്യം

## അറ്റ്ലസ് നിശാ ശലഭം



## കരിനീല ടൈഗർ ചിത്രശലഭം



## എട്ടുകാലി



# ചൂരൽ ആമ




# പശ്ചിമഘട്ടത്തിലെ മൽസ്യം -കട് ല



# മലബാർ തത്ത



# മലമുഴക്കി വേഴാമ്പൽ



## മര പ്രാവ്



## മൂങ്ങ



